## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **1751** **18.06.2012** - ൽ മറുപടിക്ക്

**ചാലക്കുടിയിൽ മൾട്ടിപർപ്പസ് ഷോപ്പിംഗ് കോംപ്ലക്സ്**

**ചോദ്യം**

ശ്രീ. ബി.ഡി. ദേവസ്സി

ചാലക്കുടി ഹൗസിംഗ് ബോർഡിന്റെ വ്യാപാര പ്രാധാന്യമുള്ള സ്ഥലത്ത് മൾട്ടിപർപ്പസ് ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുന്നതിന് പുതിയ ടെൻഡർ വിളിക്കുന്നതടക്കവുമുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

ചാലക്കുടിയിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് വാണിജ്യ പദ്ധതി സംയുക്ത സംരംഭ മാതൃകയിൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ചേർന്ന് പദ്ധതി നടപ്പിലാക്കാൻ തയ്യാറുള്ളതും, ബോർഡിന് ലാഭകരമായ ഓഫർ സമർപ്പിക്കുന്നതുമായ സംയുക്ത സംരംഭ പങ്കാളിയെ National Competitive Bidding - ലൂടെ കണ്ടെത്തേണ്ടതുണ്ട്. ബോർഡ് സംയുക്ത സംരംഭ പദ്ധതികൾ നടപ്പിലാക്കുന്നതിന് പങ്കാളിയെ കണ്ടെത്തുന്നതിനായി ദർഘാസുകൾ ക്ഷണിയ്ക്കുമ്പോൾ ഈ പദ്ധതിയും ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ